(സി) മുഖ്യ അലോട്ട്മെന്റുകളിലെന്നപോലെ മെരിറ്റും, സംവരണ മാനദണ്ഡങ്ങളും അടിസ്ഥാനമാക്കിയായിരിക്കും സി.ബി.എസ്.ഇ. വിദ്യാർത്ഥികളുടെയും പ്ലസ് വൺ പ്രവേശനം നടത്തുന്നത്.

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവേശനത്തിന് തടസ്സം**

**68 (5203)** ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയതലത്തിൽ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ളതും കേരളത്തിൽ നിയമാനുസൃതമായി നടത്തിവരുന്നതുമായ സി.ബി.എസ്.ഇ. സ്കൂളുകളിൽ നിന്ന് 10-ാം ക്ലാസ്സ് ജയിച്ചുവരുന്ന വിദ്യാർത്ഥികളെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 11-ാം ക്ലാസ്സിൽ മറ്റു കുട്ടികളോടൊപ്പം പ്രവേശിപ്പിക്കാതിരിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സർക്കാരിന്റെ നിർദ്ദേശമായിരുന്നോ ;

(സി) എങ്കിൽ ഇങ്ങനെയൊരു നിർദ്ദേശം കൊടുക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) സർക്കാരിന്റെ നിർദ്ദേശപ്രകാരമല്ലെങ്കിൽ പ്രസ്തുത നടപടിയെ കുറിച്ച് അന്വേഷണം നടത്താൻ തയ്യാറാവുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) സി.ബി.എസ്.ഇ. തുടങ്ങിയ ദേശീയ തലത്തിലുള്ള ബോർഡുകളുടെ പരീക്ഷകൾ പാസ്സായ വിദ്യാർത്ഥികൾക്കുകൂടി പ്ലസ് വൺ പ്രവേശനം ലഭിക്കുന്നകാര്യം ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പാലക്കാട് ജില്ലയിൽ ഹയർ സെക്കണ്ടറിയാക്കി ഉയർത്തിയ സ്ക്കൂളുകൾ**

**69 (5204)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ എത്ര ഹൈസ്ക്കൂളുകൾ ഹയർ സെക്കണ്ടറിയാക്കി ഉയർത്തി എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിലെ എത്ര ഹയർ സെക്കണ്ടറി സ്ക്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിച്ചു ; ഏതെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പാലക്കാട് ജില്ലയിൽ ഹയർ സെക്കണ്ടറി സ്ക്കൂൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly